സാഹിത്യവാരഫലം

1985/05/12 (കലാകൗമുദി)

എം. കൃഷ്ണൻ നായർ

Copyright © 2014-2021, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

സാഹിത്യവാരഫലം

1985/05/12-ൽ കലാകൗമുദി വാരികയിൽ പ്രസിദ്ധീകരിച്ചത്.

ഏതോ പുസ്തകത്തിൽനിന്നു കിട്ടിയ കഥയാണിത്: ഒരു പാതിരി കൂട്ടുകാരോടൊരുമിച്ച് പോകുകയായിരുന്നു. പൊടുന്നനവേ ഒരു മില്ല് പ്രവർത്തിപ്പിക്കുന്നതിന്റെ കറ കറ ശബ്ദവും മധുരസംഗീതത്തിന്റെ നിസ്വനവും അയാളുടെ കാതിൽ വന്നുവീണു. പാതിരി മുന്നോട്ടു ചെന്നപ്പോൾ ഒരു സ്ത്രീ പാട്ടുപാടിക്കൊണ്ട് മില്ല് തിരിക്കുന്നതു കണ്ടു. അയാൾ കൂട്ടുകാരനോടു ചോദിച്ചു: "പറയൂ ചങ്ങാതീ കലകൊണ്ടാണോ മില്ല് തിരിക്കുന്നത്? അതോ അദ്ധ്വാനം കൊണ്ടോ?" കൂട്ടുകാരൻ മറുപടി നല്കി: "രണ്ടുകൊണ്ടും, കലയും അദ്ധ്വാനവും മില്ലിനെ തിരിക്കുന്നു." അപ്പോൾ പാതിരി പറഞ്ഞു: "കലയില്ലെങ്കിൽ അദ്ധ്വാനത്തെ ആർക്കു സഹിക്കാനാവും? എന്തൊരു വൈചിത്ര്യം!" ഇക്കഥയ്ക്ക് ആശയത്തിന്റെ ചാരുതയുണ്ടെങ്കിലും സത്യാത്മകതയുണ്ടോ? അദ്ധ്വാനത്തിന്റെ ലയത്തിൽ നിന്നാണ് കലയുണ്ടാകുന്നതെന്ന ചിലരുടെ മതം ഈ കഥയിലൂടെ ആവിഷ്കരിക്കപ്പെടുന്നു. സമ്മതിച്ചു. പക്ഷേ, കുയിൽ കൂകുന്നത് ചന്ദ്രനെ ചലനം കൊള്ളിക്കാനാണോ? അതിനു യത്നിച്ചപ്പോഴാണോ കുയിലിനു കൂകണമെന്നു തോന്നിയത്? കലാപ്രവർത്തനം താൽപര്യരഹിതമത്രേ. ശാസ്ത്രീയ പ്രവർത്തനവും അങ്ങനെ തന്നെ. $E = mc^2$ എന്ന സമവാക്യം ശാസ്ത്രജ്ഞൻ എഴുതിയത് നിസ്സംഗവും താല്പര്യശൂന്യവുമായ പ്രവർത്തനത്താലാണ്. അത് ആറ്റം ബോംബിന്റെ നിർമ്മിതിക്ക് സഹായിച്ചെങ്കിൽ കുറ്റക്കാരൻ ശാസ്ത്രജ്ഞനല്ല. വള്ളത്തോളിന്റെ അദ്ധ്വാനാസക്തിയിൽ നിന്നല്ല 'മഗ്ദലനമറിയം' ഉണ്ടായത്. ഒരു വികാരം അനുധ്യാനത്തിന്റെ പ്രശാന്തതയിലേക്കു ചെന്നപ്പോഴാണ് അതിന്റെ ആവിർഭാവം.

കയ്യാല വയ്പ്

അദ്ധ്വാനത്തിൽ അടിയുറച്ച ഈ കലാസിദ്ധാന്തം ഇങ്ങനെ ഭാഗിക സത്യം മാത്രമായിരിക്കുമ്പോൾ കയ്യാല വയ്ക്കുന്നതിനു തുല്യമായ മട്ടിൽ ദേഹണ്ഡം നടത്തുന്നവരും കേരളത്തിലുണ്ട് എന്ന സത്യം അർക്കകാന്തിയോടെ മറ്റൊരു മണ്ഡലത്തിൽ പരിലസിക്കുന്നു. അമ്മട്ടിലൊരു ദേഹണ്ഡക്കാരനാണ് കരിമ്പുഴ രാമചന്ദ്രൻ. അദ്ദേഹം പിക്കാക്സ് എടുത്ത് കട്ടം തറയിൽ ആഞ്ഞു വെട്ടുന്നതു കണ്ടാലും:

> ഉഷസ്സേ നിനക്കുണ്ടൊരു കപ്പു ചായ
> ചമയ്ക്കുവാനെന്നിൽക്കൊതിയുദിക്കവേ
> ഒരു മൂളിപ്പാട്ടിൻ മധുരമെൻ ചുണ്ടിൽ
> ഒരോർമ്മതൻ രുചികരമാം മധുരമെൻ ചുണ്ടിൽ

മണ്ണ് ഒരിടത്തു കൂട്ടിയിട്ട് ഒരു കുടം വെള്ളം അതിലൊഴിച്ച് ചെളിയാക്കി അതിൽ ദേഹണ്ഡക്കാർ ഇടതുകാൽ ചവിട്ടിത്താഴ്ത്തുന്നു. അതു വലിച്ചെടുത്ത് വലതുകാൽ താഴ്ത്തുന്നു. അങ്ങനെ അവിരാമമായ ബീഭത്സനൃത്തം കണ്ടാലും:

> "ഉഷസ്സേ നീ കപ്പിൽ മൃദുഷ്ണംതാവി
> ത്തുളുമ്പുവാനിവൻ നളനായ് മാറവേ..."

അല്ലെങ്കിൽ മതി. മണ്ണു വലിയ ഉരുളയാക്കിയെടുത്ത് അതാ വയ്ക്കുന്നു. അതിൽ അടിക്കുന്നു, പരത്തുന്നു. മറ്റൊരു ഉരുള അതിന്റെ മുകളിൽ. ജോലിക്കാരൻ വിയർത്തൊഴുകുന്നു. എങ്കിലും കയ്യാല പയ്യെപ്പയ്യെ മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ 31-ആം പുറത്ത് ഉയരുന്നു. അടുത്ത മഴയ്ക്കു വീഴും അത്. എങ്കിലും ഈ ശ്രമദാനത്തെ വാഴ്ത്താതിരിക്കുന്നതെങ്ങനെ? കരിമ്പുഴ രാമചന്ദ്രന്റെ കയ്യാല വയ്പ് അവിശ്രമം അവിരാമം പുരോഗമിക്കട്ടെ.

ഈ പങ്കഭിത്തി നിർമ്മാണത്തിനിടയിൽ മണിയൂർ ഇ. ബാലൻ പൊലീസിന്റെ നേർക്ക് ലക്ഷ്യവേധിയായ ശരം അയയ്ക്കുന്നതു കാണാൻ ഒരു രസമുണ്ടുതാനും. മരുത്തന്റെ അച്ഛനെ ചില കള്ളന്മാർ ഞെക്കിക്കൊന്നു. മരണാനന്തര പരിശോധന കഴിഞ്ഞു. അപ്പോഴേക്കും പൊലീസിനു ഒരു ശവം കൂടിയേ തീരൂ. ലോക്കപ്പിൽവച്ചു മരിച്ച ഒരു കങ്കൻ നായരുടെ മൃതദേഹം അവർക്കു മറ്റുള്ളവരെ കാണിച്ചു കൊടുക്കണം. നോട്ടുകെട്ടു മകനു കൊടുത്ത് അവർ പോസ്റ്റ്മോർട്ടം പരിശോധന കഴിഞ്ഞ ശവം സമ്പാദിക്കുന്നു. പിതാപുത്രബന്ധത്തിന്റെ നിരർത്ഥകത്വം നിയമപരിപാലകരുടെ കൊള്ളരുതായ്മ ഇവയെല്ലാം കഥാകാരൻ ധ്വനിപ്പിക്കുന്ന മദ്ധ്യമപദസ്ഥമായ കഥ.


ടോൾസ്റ്റോയി

സാഹിത്യത്തിന് ഉത്കൃഷ്ടം, ഉത്കൃഷ്ടതരം, ഉത്കൃഷ്ടതമം എന്ന വിഭജനമാകാം. അല്ലെങ്കിൽ ഉപരിസ്ഥം (superior) മദ്ധ്യമപദസ്ഥം (middling) അധഃസ്ഥം (low) എന്ന വിഭജനവുമാകാം. ഇംഗ്ലീഷിൽ നിന്നാകട്ടെ ഉദാഹരണങ്ങൾ. ടോൾസ്റ്റോയിയുടെ 'അന്നാകരേനിന' സുപ്പീരിയർ, ഷ്ടെഫാൻ സ്വൈഹിന്റെ Beware of Pity എന്ന നോവൽ മിഡിലിങ് ക്വാളിറ്റി ഉള്ളത്. ഹാഡ്‌ലി ചേസിന്റെ "നോ ഓർക്കിഡ്സ് ഫോർ മിസ് ബ്ലൻഡിഷ്" അധഃസ്ഥം.


റ്റോമാസ് മാൻ

തകഴി ശിവശങ്കരപ്പിള്ളയുടെ നോവലുകൾ ഏതു വിഭാഗത്തിൽപ്പെടും? ഞാൻ 'കയർ' വായിച്ചിട്ടില്ല. ആ നോവൽ ഉപരിസ്ഥ വിഭാഗത്തിൽ ചെന്നു നില്ക്കുമെന്നു ചിലർക്ക് അഭിപ്രായമുണ്ട്. 'കയർ' വായിച്ചതിനു ശേഷമേ എനിക്ക് അവരോടു യോജിക്കാനോ യോജിക്കാതിരിക്കാനോ കഴിയൂ. എന്നാൽ 'ചെമ്മീൻ' ഞാൻ പല പരിവൃത്തി വായിച്ചിട്ടുണ്ട്. മനോഹരമായ ആ നോവൽ 'മദ്ധ്യപദസ്ഥം' എന്നതിലേ ചെല്ലുകയുള്ളൂ. കാരണം സാന്ദ്രതയുടെ — ഡെൻസിറ്റിയുടെ — കുറവാണ്. ഉദാഹരണം ഒരു സമ്മേളനത്തിൽ വച്ച് ഞാൻ നല്കുകയുണ്ടായി. റ്റോമാസ് മാൻ എഴുതിയ 'ഡോക്ടർ ഫൗസ്റ്റസി'ന്റെ മൂന്നാമദ്ധ്യായത്തിൽ "സുതാര്യമായ നഗ്നത"യുള്ള (transparent nudity) ഒരു ചിത്രശലഭത്തെ ഗ്രന്ഥകാരൻ വർണ്ണിക്കുന്നുണ്ട്. ഹീറ്റേറ എസ്മെറൽഡ എന്നാണ് അതിന്റെ പേര്. ഈ വർണ്ണന നിഷ്പ്രയോജനമല്ല. കഥാനായകനായ ലേഫർക്യൂൺ, എസ്മെറൽഡ എന്ന ഒരു വേശ്യയുമായി ലൈംഗികവേഴ്ചയിലേർപ്പെട്ട് സിഫിലിസ് പിടിച്ച് ഭ്രാന്തുവന്നു മരിക്കുന്നു. ഇതിനെയും വേറെ ചില സംഭവങ്ങളെയും സൂചിപ്പിക്കാനാണ് നോവലിസ്റ്റ് ആ ചിത്രശലഭത്തെ നേരത്തേ വർണ്ണിച്ചത്. ഇതാണ് രചനയുടെ ഡെൻസിറ്റി അല്ലെങ്കിൽ ധ്വനന ശക്തി.


സ്കോട്ട്

'ചെമ്മീനി'ന്റെ തുടക്കത്തിലെ രണ്ടു മൂന്നു പുറങ്ങൾ അതിന്റെ കേന്ദ്രസ്ഥിതമായ വിഷയനോടു ബന്ധപ്പെട്ടതല്ലെന്നും നിഷ്പ്രയോജനമായ രചനയായി അത് കാണപ്പെടുന്നുവെന്നും ഞാൻ പറഞ്ഞു. ഡെൻസിറ്റി എന്ന വാക്കിന്റെ അർത്ഥം ഗ്രഹിക്കാൻ കഴിയാത്ത ഒരു ഐ. എ. എസ്സ്. ഉദ്യോഗസ്ഥൻ ചെമ്മീനിനെപ്പോലുള്ള പ്രണയകഥയ്ക്ക് സാന്ദ്രത ദോഷമായി ഭവിക്കുമെന്ന് ചൂണ്ടിക്കാണിച്ചു. സാന്ദ്രതയില്ലാത്ത ചങ്ങമ്പുഴക്കവിതയെ ഞാൻ വാഴ്ത്തുന്നത് എങ്ങനെയെന്നും അദ്ദേഹം ചോദിച്ചു. നേരത്തേ പ്രസംഗിച്ചവനെ വിമർശിക്കുക എന്നത് അപമര്യാദയാണ്. കാരണം ആദ്യം പ്രസംഗിച്ചവന് പിന്നെ 'വോയ്സ്' ഇല്ലല്ലോ. അയാൾ പറഞ്ഞതെന്തെന്നു ശരിയായി മനസ്സിലാക്കാതെ വിമർശനം നിർവഹിക്കുമ്പോൾ ആ അപമര്യാദ വളരെ കൂടുന്നു. അദ്ദേഹത്തിന്റെ അറിവിലേക്കായി ആവർത്തനം നടത്തട്ടെ. ഡെൻസിറ്റി എന്നു പറഞ്ഞാൽ 'രാമരാജാ ബഹദൂറി'ലെ കടിച്ചാൽ പൊട്ടാത്ത ഭാഷയല്ല. അർത്ഥാന്തരങ്ങൾ ധ്വനിപ്പിക്കാനുള്ള രചനയുടെ ശക്തിയാണത്. "All happy families are alike, but every unhappy family is unhappy in its own way" എന്ന 'അന്നാകരേനിന'യിലെ ആദ്യത്തെ വാക്യം ഡെൻസിറ്റിയുള്ളതാണ്. സ്കോട്ടിന്റെ The Talisman എന്ന നോവലിന്റെ തുടക്കം (The burning sun of Syria...) വ്യർത്ഥസ്ഥൂലമാണ്; ധ്വനിരഹിതമാണ്. എന്നാൽ വായിക്കുമ്പോൾ ഗുരുത്വമുള്ളതായി തോന്നുകയും ചെയ്യും. Workers of all countries unite. You have nothing to lose but your chains എന്ന വാക്യങ്ങൾ ഡെൻസിറ്റിയാർന്നതാണ്.

ബോധമണ്ഡലം മാത്രം

എനിക്കു ടി. വി. വർക്കിയുടെ കഥകൾ ഇഷ്ടമല്ല. കലാകൗമുദിയിലെ കാതറൈൻ ചാക്കോയുടെ മരണം എന്ന കഥയും ഇഷ്ടപ്പെട്ടില്ല. മതപരങ്ങളായ അനുഷ്ഠാനങ്ങൾക്കു വിലകല്പിക്കാത്ത കാതറൈൻ ചാക്കോ പുരോഹിതനെ നിന്ദിക്കുന്നു. ആ നിന്ദനത്തിൽ കോപിഷ്ഠനായിച്ചമഞ്ഞ പുരോഹിതൻ അവളെ തെമ്മാടിക്കുഴിയിലേ അടക്കം ചെയ്യൂ എന്നു ഭീഷണിപ്പെടുത്തുന്നു. പല വിധത്തിലുള്ള മർദ്ദനങ്ങളിൽപ്പെട്ട് കാതറൈൻ ആത്മഹത്യ ചെയ്യുന്നു. രണ്ടായിരം രൂപ കിട്ടിയ പുരോഹിതൻ മൃതദേഹത്തിനു മാന്യമായ സംസ്കാരസ്ഥലം അനുവദിക്കുന്നു. കാതറൈനെപ്പോലെ വിപ്ലവചിന്താഗതിയുള്ളവർ എല്ലാക്കാലത്തും ഉണ്ടായിരിക്കും എന്നു സൂചിപ്പിച്ചുകൊണ്ട് കഥാകാരൻ കഥ അവസാനിപ്പിക്കുന്നു. ഇതു സത്യയറാണ്. മതത്തിന്റെയും അതിനെ കൈയടക്കി വച്ചിരിക്കുന്ന പുരോഹിത വർഗ്ഗത്തിന്റെയും ആ വർഗ്ഗത്തിന് അടിമപ്പെട്ട സമുദായത്തിന്റെയും ചിത്രങ്ങൾ ഇക്കഥയിലുണ്ട് കാതറൈന്റെയും പുരോഹിതന്റെയും സ്വഭാവം ചിത്രീകരിക്കുന്നതിൽ വർക്കി വിജയം കൈവരിച്ചിരിക്കുന്നു. എങ്കിലും എനിക്ക് ഇഷ്ടപ്പെട്ടില്ല ഇത്. കാരണം പറയട്ടെ. ബോധമനസ്സും അബോധമനസ്സും ഒരുമിച്ചു ചേർന്നു പ്രവർത്തിക്കുമ്പോഴാണ് ഉത്കൃഷ്ടമായ കലയുടെ ആവിർഭാവം. അപ്പോൾ വാക്കുകൾ അപ്രത്യക്ഷങ്ങളാവുന്നു. 'വിഷൻ' മാത്രമേ നിലനിൽക്കൂ. ടി. വി. വർക്കി ബോധമനസ്സുകൊണ്ടു മാത്രമാണ് കഥയെഴുതുന്നത്. 'അജാഗരിതഹൃത്തി'ൽ നിന്നുയർന്നു വരുന്ന സർഗ്ഗാത്മകത്വത്തിന്റെ അഗ്നിനാളം അദ്ദേഹത്തിന്റെ ഒരു രചനയിലുമില്ല. ബോധമനസ്സു മാത്രം പ്രവർത്തിക്കുമ്പോൾ വാക്കുകൾ അല്ലെങ്കിൽ വാക്യങ്ങൾ പ്രാമുഖ്യമാർജ്ജിച്ച വാരികയുടെ താളുകളിൽ കിടക്കും. "ഇതാ പ്രതിഭ സൃഷ്ടിച്ച ലോകം" എന്ന് അദ്ദേഹത്തിന്റെ കഥയെ നോക്കി നമുക്കു പറയാനാവില്ല.


കോൺറഡ്

"വാക്കുകൾ അപ്രത്യക്ഷങ്ങളാവുകയും 'വിഷൻ' മാത്രം നില്ക്കുകയും ചെയ്യുന്ന ഒരു കഥയുടെ പേരു പറയൂ ജ്യോത്സ്യരേ" എന്ന് ആരോ ആവശ്യപ്പെടുന്നു. പറയാം. ബഷീറിന്റെ 'നീലവെളിച്ചം', അദ്ദേഹത്തിന്റെ തന്നെ 'പൂവമ്പഴം', ഉറൂബിന്റെ 'വാടക വീടുകൾ', കേശവദേവിന്റെ 'വില്പനക്കാരൻ', തകഴിയുടെ 'വെള്ളപ്പൊക്കത്തിൽ'. ഈ കഴിവ് — വാക്കുകളെ അപമാർജ്ജനം ചെയ്ത് 'വിഷൻ' മാത്രം കൊണ്ടുവരാനുള്ള കഴിവ് — പരമകാഷ്ഠയിലെത്തിയ കഥകളുണ്ട് വിശ്വസാഹിത്യത്തിൽ. ഒരുദാഹരണം കോൺറഡിന്റെ 'Heart of Darkness.'

മീഡിയോക്രിറ്റി

ഞാനും കവി ഗൗരീശപട്ടം ശങ്കരൻ നായരും തിരുവനന്തപുരത്തെ കൊച്ചാർ റോഡിലൂടെ സായാഹ്നസവാരി നടത്തുകയായിരുന്നു. ഞങ്ങൾക്കെതിരേ ഒരു സ്ത്രീ കുട്ടിയെ നടത്തിക്കൊണ്ടു വരുന്നുണ്ട്. അവൾക്കഭിമുഖമായി സ്കൂട്ടറിൽ വന്ന ഒരു ചെറുപ്പക്കാരനെ ആർത്തിയോടെ അവൾ നോക്കിയപ്പോൾ കുട്ടി സ്കൂട്ടറിന്റെ മുൻപിലേക്ക് എടുത്തു ചാടി. എതിരേ വന്ന സ്ത്രീയിൽ താൽപര്യമില്ലാത്ത യുവാവ് കുട്ടി കുറുകെ ചാടുന്നതു കണ്ടു. സ്കൂട്ടർ ഒഴിച്ചു മാറ്റി അവനെ രക്ഷിക്കുകയും ചെയ്തു. അപ്പോഴാണ് ആ കാമാർത്തയ്ക്ക് ബോധം വന്നത്. അവൾ കുട്ടിയെ കണക്കറ്റു തല്ലി. അതുകണ്ടു ദേഷ്യപ്പെട്ട ശങ്കരൻ നായർ പറഞ്ഞു: "കുട്ടിയെയല്ല തല്ലേണ്ടത്. അടി കിട്ടേണ്ടതു നിങ്ങൾക്കാണ്." തന്റെ അപരാധം മറയ്ക്കാനായി ആ സ്ത്രീ കുട്ടിയെ അടിച്ചു. ഈ 'റീഡയറക്ടഡ് ആക്റ്റിവിറ്റി' ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും കാണാം. 'ധിക്കൃതശക്രപരാക്രമനാകിന നക്തഞ്ചരൻ' പൊലീസ് ഇൻസ്പെക്ടർ ഭാര്യയുടെ മുൻപിൽ പേടിത്തൊണ്ടൻ. അയാൾ മറ്റുള്ളവരെ അടിക്കുന്നു. അയാളെ ഒരു രാഷ്ട്രീയക്കാരൻ യൂണിഫോമിൽ പിടിച്ചു വലിച്ച് അപമാനിക്കുന്നു. രാഷ്ട്രീയക്കാരോട് എതിർക്കാൻ വയ്യ ഇൻസ്പെക്ടർക്ക്. അതുകൊണ്ട് അയാൾ പോയപ്പോൾ ഇൻസ്പെക്ടർ മുഷ്ടി ചുരുട്ടി ചുവരിൽ ഇടിക്കുന്നു. ബാലകൃഷ്ണൻ മാങ്ങാട് എക്സ്പ്രസ്സ് ആഴ്ചപ്പതിപ്പിലെഴുതിയ 'ശീലങ്ങൾ' എന്ന ഈ കഥയെക്കുറിച്ച് ഞാനെന്താണ് പറയേണ്ടത്? നന്നായിട്ടുണ്ടോ കഥ? ഇല്ല. തീരെ മോശമാണോ? അതുമല്ല. എനിക്കു കുട്ടികൃഷ്ണമാരാരെപ്പോലെ ജോസഫ് മുണ്ടശ്ശേരിയെപ്പോലെ എഴുതിയാൽ കൊള്ളാമെന്നുണ്ട്. കഴിയുന്നില്ല. അതുകൊണ്ട് 'മിഡിയോക്രിറ്റി'യിൽ ഞാൻ അഭിരമിക്കുന്നു. ഇതു മിഡിയോക്രിറ്റിയാണെന്ന് ആരെങ്കിലും പറഞ്ഞാൽ ഞാനെന്തിന് പരിഭവിക്കണം? ബാലകൃഷ്ണൻ മാങ്ങാടും പരിഭവിക്കരുത്.

പ്രൊഫസർ ചന്ദ്രികാ ശങ്കരനാരായണൻ



പ്രാചീനഗ്രീസിലെ അതിസുന്ദരിയായിരുന്ന ഫ്രിനി. അവൾ കുറ്റക്കാരിയായി കോടതിയിലെത്തി. ജഡ്ജി അവളെ ശിക്ഷിക്കുമെന്ന് ഉറപ്പായപ്പോൾ അവളുടെ അഭിഭാഷകൻ ഒരു വിദ്യ പ്രയോഗിച്ചു. ഫ്രിനിയുടെ വക്ഷസ്സിനെ മറച്ചിരുന്ന വസ്ത്രം അദ്ദേഹം വലിച്ചു കീറി. അവളുടെ ചേതോഹരങ്ങളായ സ്തനങ്ങൾ കണ്ട ജഡ്ജി അവളെ വെറുതേ വിട്ടു. സോക്രട്ടീസ് പോലും ഫ്രിനിയെ സ്നേഹിച്ചിരുന്നു. അക്കാരണം കൊണ്ടു തന്നെ നമുക്ക് ഊഹിക്കാം അവൾ എത്രമാത്രം സുന്ദരിയായിരുന്നുവെന്ന്. മുലകൾ പ്രദർശിപ്പിച്ച് രക്ഷപ്പെടാനുള്ള ഈ പ്രവണത സ്ത്രീയുടെ സ്വഭാവത്തെ സൂചിപ്പിക്കുന്നു. അഭിഭാഷകൻ വസ്ത്രം വലിച്ചു കീറിയെങ്കിലും ഫ്രിനി നിന്നു കൊടുത്തല്ലോ അതിനു വേണ്ടി. അതിനാൽ സ്ത്രീയെ നഗ്നയാക്കി ചലച്ചിത്രത്തിൽ പ്രദർശിപ്പിക്കുന്നു. ഹോട്ടലുകളിൽ കബറേ നൃത്തമാടാൻ അവളെ നിർബ്ബന്ധിക്കുന്നു എന്നൊക്കെപ്പറഞ്ഞ് പുരുഷന്മാരെ കുറ്റപ്പെടുത്തുന്ന രീതി ശരിയല്ല. സ്ത്രീ പാവനത്വമുള്ളവൾ, പുരുഷൻ ഗജപോക്കിരി എന്ന ഈ സങ്കല്പം സ്ത്രീകളുടേതു മാത്രമാണ്. മാറും തുടയും നിതംബവും കാണിക്കാൻ ഏതു സ്ത്രീക്ക് ഇഷ്ടമില്ലായോ അവളെ അതിലേക്കു നിർബന്ധിച്ചു കൊണ്ടുവരാൻ ഈ ലോകത്ത് ആർക്കും സാദ്ധ്യമല്ല. ലിബിഡോ—സെക്സ് എനെർജി ഒരേയളവിൽ സ്ത്രീയിലും പുരുഷനിലും പ്രവർത്തിക്കുന്നു. അതിന്റെ പ്രകടനം എപ്പോഴുമുണ്ടാകും. പെൺകുട്ടികൾക്കു മാത്രമായുള്ള ബസ്സിൽ സഞ്ചരിക്കാൻ ഒരു പെൺകുട്ടിക്കും താല്പര്യമില്ല. സൗകര്യം കിട്ടിയാൽ യുവാവിനെ ആദ്യം സ്പർശിക്കുന്നതും അവന്റെ വികാരം ഇളക്കി വിടുന്നതും യുവതിയാണ്. അവിവാഹിതനായ അധ്യാപകനെ വശത്താക്കാൻ പ്രേമലേഖനമെഴുതി കോംപെസിഷൻ ബുക്കിൽ വയ്ക്കുന്ന പെൺപിള്ളേർ, ധാരാളം സംശയം ചോദിക്കുന്നു എന്ന മട്ടിൽ ഏകാന്തത്തിൽ അയാളെ സമീപിക്കുന്നവർ എത്രയെത്ര പേർ ഇതിലൊന്നും കുറ്റമില്ല. ലിബിഡോ ആളിക്കത്തുന്ന അഗ്നിയാണ്. ജീവിതം സുരക്ഷിതമാക്കാനുള്ള അഭിനിവേശം എല്ലാവർക്കുമുണ്ട്. അക്കാരണത്താൽ സ്ത്രീയെ നഗ്നയാക്കി സിനിമയിൽ കൊണ്ടുവരുന്ന പുരുഷൻ എന്ന പരാതി പറയുന്നതിൽ ഒരർത്ഥവുമില്ല. കബറേ നൃത്തത്തിന് ഇഷ്ടമില്ലാത്ത ഒരു പെണ്ണിനേയും ആർക്കും അതു നടത്താൻ നിർബ്ബന്ധിക്കാനാവില്ല. മുല കാണിക്കാൻ തയ്യാറായി ഫ്രിനിമാർ നില്ക്കുമ്പോൾ പുരുഷന്മാരായ അഭിഭാഷകർ മേൽമുണ്ട് വലിച്ചു കീറുന്നു എന്നുമാത്രം ഗ്രഹിച്ചാൽ മതി. സത്യമിതായതുകൊണ്ട് പുരുഷന്മാരെ ഇക്കാര്യത്തിൽ ഒട്ടാകെ കുറ്റപ്പെടുത്തിക്കൊണ്ട് പ്രൊഫസർ ചന്ദ്രികാ ശങ്കരനാരായണൻ 'വിമൻസ് മാഗസി'നിൽ എഴുതിയ ലേഖനത്തിനു സത്യാത്മകതയില്ല.

എം. പി. മന്മഥൻ മഹാത്മാ ഗാന്ധി കോളേജിൽ പ്രിൻസിപ്പലായിരിക്കുന്ന കാലം. മുലക്കണ്ണു വരെ കാണാവുന്ന മട്ടിൽ വേഷം ധരിച്ചെത്തിയ ഒരു പെൺകുട്ടിയെ ആൺകുട്ടികൾ കൂവാറുണ്ടായിരുന്നു. പെൺകുട്ടിയോട് 'പ്രേപ്പേറാ'യി ഡ്രസ്സ് ചെയ്തു വരണമെന്ന് നിർദ്ദേശിക്കാൻ പ്രിൻസിപ്പൽ അദ്ധ്യാപികമാരോടു പറഞ്ഞു. അവർ നിർദ്ദേശം നല്കിയിട്ടും പെൺകുട്ടി പഴയ രീതിയിൽത്തന്നെ കോളേജിൽ വന്നു. ബഹളം കൂടിയപ്പോൾ മറ്റു മാർഗ്ഗമില്ലാതെ "അച്ഛനെ വിളിച്ചുകൊണ്ടു വരൂ" എന്ന് മന്മഥൻ സാർ അവളോട് ആവശ്യപ്പെട്ടു. അച്ഛനെത്തിയപ്പോൾ അയാൾക്ക് വേദന തോന്നാത്ത രീതിയിൽ സാറ് കാര്യം പറഞ്ഞു. അച്ഛന്റെ മറുപടി: "ഞാൻ ഇതൊക്കെ അവൾക്കു വാങ്ങിക്കൊടുത്തത് ധരിക്കാനാണ്. അവൾ ഇതുപോലെതന്നെ കോളേജിൽ വരും." മന്മഥൻ സാർ ഒട്ടും ക്ഷോഭിക്കാതെ അയാളെ അറിയിച്ചു: "നിങ്ങൾ ഇതൊക്കെ അവളെ ധരിപ്പിച്ച് കാഴ്ച ബംഗ്ലാവ് തോട്ടത്തിലോ കടപ്പുറത്തോ കൊണ്ടുപൊയ്ക്കോളൂ. ഈ കോളേജിൽ പഠിക്കണമെങ്കിൽ നിങ്ങളുടെ മകൾ നഗ്നത മറച്ചുവേണം വരാൻ." പ്രിൻസിപ്പൽ ഇതു പറയുമ്പോൾ ഞാനും കൂടി അവിടെയുണ്ടായിരുന്നു. ആൺകുട്ടികൾ നിർബ്ബന്ധിച്ചതുകൊണ്ടാണ് പെൺകുട്ടി മുലക്കണ്ണു കാണിച്ചുകൊണ്ട് കോളേജിലെത്തിയതെന്ന് ഇനി ആരെങ്കിലും എഴുതുമോ എന്തോ?

പൈങ്കിളി അല്ല

> സുഗതകുമാരിയെക്കുറിച്ച് പറയേണ്ടതായി വരുമ്പോൾ വേലായുധൻ നായരുടെ ഭാര്യ എന്ന് ഡി. സി. പറയുമോ? പറയുകയില്ലെങ്കിൽ വേലായുധൻ നായരെ സുഗതകുമാരിയുടെ ഭർത്താവ് എന്ന മട്ടിലും അവതരിപ്പിക്കാൻ പാടില്ല.

വനനാശനം (വനനശീകരണം എന്ന് എഴുതുന്നതു ശരിയല്ല) അധികമാകുമ്പോൾ ഒരു റീയാക്ഷനെന്ന നിലയിൽ വനം സംരക്ഷിക്കണമെന്നുള്ള മുറവിളി ഉണ്ടാകും. അതാണ് നമ്മൾ ഇപ്പോൾ കേൾക്കുന്നത് പ്രകൃതിയെ നശിപ്പിക്കുമ്പോൾ അതിനോടു ബഹുമാനം ആളുകൾക്ക്. പക്ഷേ കവികളുടെ ഈ ബഹുമാനം കവിതയിൽ മാത്രം ഒതുങ്ങിനില്ക്കും. അവരുടെ വീട്ടിന്റെ മുറ്റത്തു പുല്ലുപോലും കാണില്ല. വല്ല പൂന്തോട്ടമോ മറ്റോ ഉണ്ടെങ്കിൽ ചെടികളെ കത്തിരി പ്രയോഗിച്ചു വികൃതമാക്കി മയിലായും പട്ടിയായും മാറി നിറുത്തും. (ചെടിയും മരവും ചെടിയായും മരമായും നില്ക്കുന്നതാണല്ലോ ഭംഗി. അതു മനസ്സിലാക്കാതെ കാഴ്ചബംഗ്ലാവ് തോട്ടത്തിലും സെക്രട്ടേറിയറ്റ് തോട്ടത്തിലും ചെടികളെ മൃഗങ്ങളും പക്ഷികളുമാക്കി നിറുത്തുന്നു.) പ്രകൃതി പരിണാമാത്മകമാണ്. മരങ്ങളെ കണ്ടമാനം മുറിച്ചുമാറ്റിയോ? മറ്റൊരു മണ്ഡലത്തിൽ മരങ്ങൾ തഴച്ചുവളരും. ജീവികളിൽ എത്രയെത്ര വർഗ്ഗങ്ങൾ നശിച്ചു. പകരം മറ്റു വർഗ്ഗങ്ങൾ ഉണ്ടായി. വൃക്ഷങ്ങളുടെ കാര്യവും അതുതന്നെ. എങ്കിലും ആകർഷകത്വമുണ്ടായിരുന്ന ഗ്രാമപ്രദേശം പട്ടണമായി മാറിക്കാണുമ്പോൾ നമുക്ക് വല്ലായ്മയുണ്ടാകും. അങ്ങനെയൊരു ഗ്രാമത്തിൽ ഒരു വൃദ്ധനെ അവതരിപ്പിച്ച് ആ വല്ലായ്മയെ ഭേദപ്പെട്ട രീതിയിൽ ചിത്രീകരിക്കുകയാണ് ഹരിപ്പാട്ട് ജി. കരുണാകരപ്പണിക്കർ (പകൽ അറിയാതെ പോയ പോക്കുവെയിൽ എന്ന ചെറുകഥ, മനോരമ ആഴ്ചപ്പതിപ്പ്). കഥയ്ക്ക് ഉപന്യാസത്തിന്റെ ഛായയുണ്ട്. എങ്കിലും അതിന്റെ പര്യവസാനം ഹൃദ്യമത്രേ. പണ്ടൊരു ധിക്കാരിയായ ഉദ്യോഗസ്ഥൻ പെൻഷൻ പറ്റിയെന്ന് അറിഞ്ഞയുടനെ ഒരാൾ ചോദിച്ചു: "അപ്പോൾ...നായിഡു റിട്ടയർ ചെയ്യും അല്ലേ?" ഞാനും ചോദിക്കുന്നു: "അപ്പോൾ പൈങ്കിളിക്കഥകൾ അല്ലാത്ത കഥകളും മനോരമയിൽ വരും അല്ലേ?"

ഭർത്താവ്

ടി. കെ. നാരായണപിള്ള മുഖ്യമന്ത്രിയായിരുന്ന കാലത്ത് ജവാഹർലാൽ നെഹ്റു തിരുവനന്തപുരത്തു വന്നു. വിമാനത്താവളത്തിൽ ചെന്ന സ്ത്രീകളെ മുഖ്യമന്ത്രി പ്രധാനമന്ത്രിക്കു പരിചയപ്പെടുത്തിക്കൊടുത്തു. "ഇന്നാരുടെ ഭാര്യ", "ഇന്നാരുടെ ഭാര്യ" ഈ മട്ടിൽ ഓരോ സ്ത്രീയെയും പരിചയപ്പെടുത്തിയപ്പോൾ നെഹ്റു അസ്വസ്ഥതയോടെ "ഇവരെല്ലാം ഭാര്യമാർ മാത്രമാണോ?" എന്നു ചോദിച്ചു. ഓരോ സ്ത്രീക്കും വ്യക്തിത്വമില്ലേ? അതിലൂന്നിക്കൊണ്ടു ടി. കെ. എന്തുകൊണ്ടു പരിചയപ്പെടുത്തിയില്ല?

സംസ്കൃതത്തിൽ ഒരു ശ്ലോകമുണ്ട്. അതു മറന്നു പോയി. ആശയം മാത്രം എഴുതാം. "ഞാൻ ഇന്നാരുടെ മകൻ എന്നു പറയുന്നത് നീചം. ഞാൻ ഇന്നാരുടെ അനന്തരവൻ എന്നു പറയുന്നത് നീചതരം. ഞാൻ ഇന്നാരുടെ മരുമകൻ (ജാമാതാവ്) എന്നു പറയുന്നത് നീചതമം." ഞാൻ ഇന്നാരുടെ ഭർത്താവ് എന്നു പറയുന്നതോ? Degrees of Comparison നീചതമത്തിൽ തീർന്നു പോയി. അതുകൊണ്ട് അതിന്റെ അധമത്വം കാണിക്കാൻ വാക്കില്ല. കുങ്കുമം വാരികയിൽ ഡി. സി. കിഴക്കേമുറി ഡോക്ടർ കെ. വേലായുധൻ നായർക്ക് അവാർഡ് കിട്ടി എന്നെഴുതിയിട്ട് ബ്രാക്കറ്റിനകത്ത് സുഗതകുമാരിയുടെ ഭർത്താവ് എന്ന് കാണിച്ചിരിക്കുന്നു. സുഗതകുമാരി പേരുകേട്ട കവി. വേലായുധൻ നായർ മനോഹരമായി ഗദ്യത്തിൽ ദാർശനിക ഗ്രന്ഥങ്ങളെഴുതുന്ന പ്രഗല്ഭൻ. സമുന്നതനായ ഉദ്യോഗസ്ഥനാണ് അദ്ദേഹം. അങ്ങനെയുള്ള ഒരാളിനെ അദ്ദേഹത്തിന്റെ ഭാര്യയുടെ പേരു പറഞ്ഞു വായനക്കാർക്കു പരിചയപ്പെടുത്തിയത് ഉചിതജ്ഞതയുടെ ലക്ഷണമല്ല. സുഗതകുമാരിയെക്കുറിച്ചു പറയേണ്ടതായി വരുമ്പോൾ വേലായുധൻ നായരുടെ ഭാര്യ എന്നു ഡി. സി. പറയുമോ? പറയുകയില്ലെങ്കിൽ വേലായുധൻ നായരെ സുഗതകുമാരിയുടെ ഭർത്താവ് എന്ന മട്ടിലും അവതരിപ്പിക്കാൻ പാടില്ല. അതു അപമാനനവും നിന്ദനവുമാണെന്നാണ് ആ സംസ്കൃതകവി പണ്ടേ പറഞ്ഞത്.

കലാഭാസം

സമരം ചെയ്ത് മുതലാളിയിൽ നിന്നു പണം നേടിയ തൊഴിലാളിയെ നേതാവ് പറ്റിക്കുന്നു. ഇതാണ് വെണ്ണല മോഹനൻ 'മനോരാജ്യ'ത്തിലെഴുതിയ 'വിജയം ഒരു പരാജയം' എന്ന കഥയുടെ സാരം. വെറുതെ ഒരു വർണ്ണനമെഴുതിയാൽ അതു സാഹിത്യമാവുകയില്ല.

"മാനം കറുത്തു തണുത്ത കാറ്റെമ്പാടുമോടിനടന്നു വിളിച്ചുകൂവി: മഴവരുന്നേ പുതുമഴ വരുന്നേ മഴവരുന്നോ പ്രിയ നാട്ടാരേ" എന്ന് കുമാരി വാരികയിൽ മേഴ്സി പീറ്റർ എഴുതിയ ഒരു കാവ്യത്തിന്റെ ആരംഭം. പേരച്ചടിച്ചു കാണാൻ കവിതയെ ഹനിക്കണമെങ്കിൽ ആയിക്കൊള്ളൂ.

"ശരത്കാലസൗന്ദര്യം ത്രസിക്കും മന്ദസ്മിതം ഉഷസ്സാം മനോജ്ഞയാൾ വിഷുക്കൈനീട്ടം നൽകി" എം. വിജയൻ ഇറവങ്കര മാമാങ്കം വാരികയിലെഴുതിയ ഒരു കാവ്യത്തിന്റെ തുടക്കം ഇങ്ങനെ. മനുഷ്യർക്കു കോമൺ സെൻസ് കുറയുമ്പോഴാണ് ക്ലീഷേയുടെ പ്രവർത്തനം.

നിരീക്ഷണങ്ങൾ

സ്കൂട്ടർ: വിവാഹം കഴിഞ്ഞാൽ മൂന്നാഴ്ചത്തേക്കു യുവതിക്ക് അന്തസ്സിൽ ഇരുന്നു സഞ്ചരിക്കാനുള്ള വാഹനം.

അടുക്കള: ആ ഒരുമാസം കഴിഞ്ഞാൽ അവൾക്കു പെടാപ്പാട് പെടാനുള്ള സ്ഥലം. അപ്പോൾ ഭർത്താവിന്റെ സ്കൂട്ടറിന്റെ പിറകിലിരിക്കുന്നത് അവളുടെ അനുജത്തിയോ ചേച്ചിയോ ആയിരിക്കും.

ഒരാളിന്റെ രാഷ്ട്രീയജീവിതം:

18 വയസ്സുതൊട്ട് 25 വയസ്സുവരെ—കമ്മ്യൂണിസം.

25 വയസ്സുതൊട്ട് 35 വയസ്സുവരെ—ആറെസ്പി.

35 വയസ്സുതൊട്ട് 45 വയസ്സുവരെ—പി.എസ്.പി.

45 വയസ്സുതൊട്ട് 55 വയസ്സുവരെ—ജനത.

55 വ.സ്സുതൊട്ട് 65 വയസ്സുവരെ—'ഐ' അല്ലാത്ത കോൺഗ്രസ്.

65 വയസ്സുതൊട്ട് 75 വയസ്സുവരെ—കോൺഗ്രസ് (ഐ).

അതിനുശേഷം പദ്മശ്രീയോ പദ്മഭൂഷണോ കിട്ടുന്നു. അപ്പോൾ വിപ്ലവാസക്തി സാഫല്യത്തിലെത്തിയിരിക്കും.

എം. കൃഷ്ണൻ നായർ

തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-ന ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിനു ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്നു മലയാള വിഭാഗം തലവനായി വിരമിച്ചു.

സാഹിത്യവാരഫലം

36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിനു ഒരാഴ്ച്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിനു ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിനു ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ് വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്‌ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും 'സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ' എന്നു വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, 'അതുകൊണ്ടാണല്ലൊ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്' എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കുറിക്കു കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.

1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്നു കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിനു ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ 'സ്വപ്നമണ്ഡലം' (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യ വാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യുമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

RIVER VALLEY
DIGITAL LIBARY
empowering the author ...

- "റിവർ വാലി പ്രസ്" എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപത് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

രാജ്യം	കറൻസി	വരിസംഖ്യ
ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ)	രൂപ	238
യുഎസ്, കാനഡ	യുഎസ് ഡോളർ	10
യൂറോപ്	യൂറോ	10
മറ്റു വികസിത രാഷ്ട്രങ്ങൾ	യുഎസ് ഡോളർ	10
ഖത്തർ	റിയാൽ	20
യുഎഇ	ദിർഹം	20
സൗദി അറേബ്യ	റിയാൽ	20
കുവൈറ്റ്	ദിനാർ	2
ഒമാൻ	ദിനാർ	2
ബഹ്റിൻ	ദിനാർ	2
മലേഷ്യ	റിങ്ങിറ്റ്	25

- പ്രസാധകരുടെ നിരന്തരചൂഷണത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/ കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/ സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who's who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കു അയയ്ക്കുക.